**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1398** **30-06-2026-ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ കണക്കെടുപ്പ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീമതി ഉഷ വിജയൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** കേരളത്തിൽ ജോലിക്കെത്തുന്ന അതിഥി തൊഴിലാളികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഇവരുടെ ഐഡന്റിറ്റി പരിശോധിക്കാൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കെടുപ്പിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിനു മുമ്പ് തന്നെ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിനും ആയവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനും സഹായിക്കുന്നു. 2024 ഒക്ടോബർ മുതൽ അതിഥി പോർട്ടൽ മൊബൈൽ ആപ്ലിക്കേഷനായി രൂപീകരിക്കുകയും പ്ലേസ്റ്റോറിൽ ഹോസ്റ്റ് ചെയ്യുകയും, ചെയ്തിട്ടുണ്ട്. ടി പോർട്ടൽ മുഖേന അതിഥി തൊഴിലാളികളുടെ പേര്, മൊബൈൽ നമ്പർ, വയസ്സ്, ലിംഗം, ജോലി, മാതൃഭാഷ, മേൽവിലാസം, സംസ്ഥാനം, ജില്ല, പോലീസ് സ്റ്റേഷൻ, കേരളത്തിലെ താമസസ്ഥലത്തിന്റെ മേൽവിലാസം (ജില്ല, താലൂക്ക്, വില്ലേജ് ഉൾപ്പെടെ), ജോലി, ജോലി സ്വഭാവം, ആധാർ, ആവാസ് നമ്പർ, കുടുംബ വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ പോർട്ടൽ മുഖേന ശേഖരിക്കുന്നു.

രജിസ്റ്റർ ചെയ്യുന്ന ഓരോ തൊഴിലാളിയുടെയും വ്യക്തിവിവരങ്ങളും ആധാർ കാർഡും ലേബർ ഓഫീസർമാർ പരിശോധിച്ചതിന് ശേഷം പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് 'യൂണിക് ഐഡന്റിഫിക്കേഷൻ നമ്പർ' ഉൾപ്പെടെ കാർഡ് നൽകുന്നുണ്ട്.

**(ബി)** അതിഥി തൊഴിലാളികൾ വൃത്തിഹീനമായ സാഹചര്യങ്ങളിൽ കൂട്ടമായി താമസിക്കുന്നത് കാരണം ആരോഗ്യ-സാമൂഹ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനായി കർശന നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

**മറുപടി:** ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത ശുചിത്വ നിലവാരം ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും നടത്താറുണ്ട്. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതു

പ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന / തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ടി തൊഴിലാളികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. കൂടാതെ മയക്കുമരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനുള്ള ലഹരി വിരുദ്ധ പ്രചരണങ്ങളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി അതിഥി തൊഴിലാളികൾക്കിടയിലും തൊഴിൽ വകുപ്പ് കവച് എന്ന പേരിൽ ലഹരി ഉപയോഗങ്ങൾക്കെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തിയിരുന്നു. മയക്കുമരുന്ന് ഉപഭോഗവും ക്രിമിനൽ പശ്ചാത്തലവും ശ്രദ്ധയിൽപ്പെട്ടാൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാന വ്യാപകമായി അതിഥി തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങൾ, ലേബർ ക്യാമ്പുകൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ, അതിഥി മേഖലയിൽ പ്രവർത്തിക്കുന്ന NGO, പോലീസ് എന്നിവരുടെ സഹകരണത്തോടെ ലഹരി ഉപയോഗം കൊണ്ടുള്ള ദൂഷ്യവശങ്ങളെക്കുറിച്ച് ശക്തമായബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്.

**(സി)** പ്രസ്തുത ആവശ്യത്തിലേക്കായി ആരോഗ്യം, ആഭ്യന്തരം എന്നീ വകുപ്പുകളുടെ സഹായത്തോടെ കർമ്മപരിപാടി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിൽ വകുപ്പ് അതിഥി മേഖലയിൽ പ്രവർത്തിക്കുന്ന NGO, പോലീസ് എന്നിവരുടെ സഹകരണത്തോടെ ലഹരി ഉപയോഗം കൊണ്ടുള്ള ദൂഷ്യവശങ്ങളെക്കുറിച്ചും തൊഴിലാളി ക്യാമ്പുകളിൽ പാലിക്കേണ്ട വ്യക്തി ശുചിത്വം, ആരോഗ്യ പരിപാലനം എന്നിവയെക്കുറിച്ചും ശക്തമായ ബോധവൽക്കരണം നടത്തി വരുന്നു. മയക്കുമരുന്ന് ഉപഭോഗവും ക്രിമിനൽ പശ്ചാത്തലവും ശ്രദ്ധയിൽപ്പെട്ടാൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാന വ്യാപകമായി അതിഥി തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങൾ, ലേബർ ക്യാമ്പുകൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ, അതിഥി മേഖലയിൽ പ്രവർത്തിക്കുന്ന NGO, പോലീസ് എന്നിവരുടെ സഹകരണത്തോടെ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**